(രാവിലെ 8.31-ന് നിർത്തിവച്ച സഭാനടപടികൾ 9.30-ന് പുനരാരംഭിച്ചു.)

**ചരമോപചാരം**

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നിര്യാണം

മി. ഡെപ്യൂട്ടി സ്പീക്കർ: മുൻ മന്ത്രിയും പ്രമുഖ നിയമജ്ഞനുമായിരുന്ന ജസ്റ്റിസ്റ്റ് വി. ആർ. കൃഷ്ണയ്യർ 2014 ഡിസംബർ 4-ന് അന്തരിച്ചു.

പാലക്കാട് ജില്ലയിലെ വൈദ്യനാഥപുരം വി. വി. രാമയ്യരുടെയും നാരായണി അമ്മാളിന്റേയും മകനായി 1915- നവംബർ 15-ന് വി. ആർ. കൃഷ്ണയ്യർ ജനിച്ചു. മദ്രാസ് സർവ്വകലാശാലയിൽ നിന്നും നിയമബിരുദം നേടിയശേഷം മലബാർ, സൗത്ത് കാനറ, കൂർഗ് കോടതികളിൽ അഭിഭാഷകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 1952-ൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിന്ന് മദ്രാസ് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വി. ആർ. കൃഷ്ണയ്യർ 1957-ൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ  നിന്നും ഒന്നാം കേരള നിയമസഭയിലേക്കും, 1961-ൽ അതേ നിയോജകമണ്ഡലത്തിൽ നിന്നും രണ്ടാം കേരള നിയമസഭയിലേക്കും സ്വതന്ത്ര അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് നേതൃത്വം നൽകിയ 1957-ലെ മന്ത്രിസഭയിൽ നിയമം, ജലസേചനം എന്നീ വകുപ്പുകളുടെ ചുമതല വഹിച്ചിരുന്ന അദ്ദേഹം പുതിയ കോടതികൾ തുടങ്ങുന്നതിനുൾപ്പെടെ കൈകാര്യം ചെയ്ത എല്ലാ വകുപ്പുകളിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും ജനകീയോന്മുഖമായ പരിഷ്കാരങ്ങൾ നടപ്പിൽ

വരുത്തുന്നതിനും തുടക്കം കുറിച്ചു. പ്രഥമ നിയമസഭയിലെ വിപ്ലവകരമായ നിയമനിർമ്മാണങ്ങൾക്ക് ചാലക ശക്തിയായി വർത്തിച്ച അദ്ദേഹം സഭാതലത്തിലെ ചർച്ചകളിൽ സജീവ പങ്കാളിയായി.

1968-ൽ കേരള ഹൈക്കോടതി ജഡ്ജിയായി നിയമിതനായ വി.ആർ. കൃഷ്ണയ്യർ തുടർന്ന് കേന്ദ്ര നിയമ കമ്മീഷനിൽ അംഗമായും, പാവപ്പെട്ടവർക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കാനുള്ള കേന്ദ്ര സമിതിയുടെ അദ്ധ്യക്ഷനായും 1973-ൽ സുപ്രീംകോടതി ജഡ്ജിയായും നിയമിതനായി. ഇന്ത്യയിലെ പ്രഗത്ഭരായ ഭരണഘടനാ വ്യാഖ്യാതാക്കളിൽ കൃഷ്ണയ്യരുടെ സ്ഥാനം അദ്വിതീയമാണ്. കേരള നിയമ പരിഷ്കരണ കമ്മീഷൻ ചെയർമാൻ എന്ന നിലയിലും സേവനമനുഷ്ഠിച്ചു. ന്യായാധിപനെന്ന നിലയിൽ നിയമത്തിന്റെ സർവ്വതലങ്ങളെയും സ്പർശിച്ചുകൊണ്ട് ഭരണഘടനയെ വ്യാഖ്യാനിച്ചതിലൂടെ അന്താരാഷ്ട്രതലത്തിൽ വരെ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമായതും നിയമസദസ്സുകളിൽ നിത്യേന ഉദ്ധരിക്കപ്പെടുന്നതുമായ, തടവുകാരുടെ മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട് തിഹാർ ജയിലിലെ ഒരു തടവുകാരൻ അയച്ച കത്ത് ഹർജിയായി സ്വീകരിച്ചുകൊണ്ടുള്ള സുനിൽ ബത്ര കേസ്, മാലിന്യ നിർമ്മാർജ്ജനപ്രശ്നവുമായി ബന്ധപ്പെട്ട രത്‌ലം മുനിസിപ്പാലിറ്റി കേസ്, ഇന്ത്യൻ സിവിൽ സർവ്വീസിലെ സ്ത്രീ വിരുദ്ധമായ വ്യവസ്ഥകളുമായി ബന്ധപ്പെട്ട മുത്തമ്മ കേസ്, പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിയുടെ തെരഞ്ഞെടുപ്പ് കേസ്, രാഷ്ട്രപതിയുടെ അധികാരത്തെ സംബന്ധിച്ച ഷംസേർ സിംഗ് കേസ് എന്നിവയുൾപ്പെടെ നിരവധി വിധിന്യായങ്ങൾ വി.ആർ. കൃഷ്ണയ്യരെ

അനശ്വരനാക്കി.

രാജ്യത്തിന്റെ സങ്കീർണ്ണമായ സാമൂഹ്യ-രാഷ്ട്രീയ-നിയമ-സംസ്കാരിക പ്രശ്നങ്ങളിൽ സക്രിയമായി ഇടപെട്ടുകൊണ്ട് സമവായം ഉണ്ടാക്കുന്നതിനും ജുഡീഷ്യറിയുടെ വിശ്വാസ്യത നഷ്ടമാകുന്നതിനെതിരെയും, വധശിക്ഷയ്ക്കെതിരെയും, ലോകമെമ്പാടുമുള്ള മനുഷ്യാവകാശ ലംഘനത്തിനെതിരെയും വി. ആർ. കൃഷ്ണയ്യർ ശബ്ദമുയർത്തി. മാറാരോഗികൾ, അംഗപരിമിതർ, അനാഥർ തുടങ്ങി സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ടവരുടെയും അനാലംബരുടെയും പ്രശ്നങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിലെത്തിക്കുന്നതിനായി ജീവിതം മുഴുവൻ പ്രവർത്തിച്ചു. അന്ത്യദിനം വരെ അദ്ദേഹം കർമ്മനിരതനായിരുന്നു.

പത്മവിഭൂഷൺ, സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ്, അംബേദ്കർ അവാർഡ്, മാനവ സമന്വയ പുരസ്കാരം, ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ലോയേഴ്സ് 'നിയമലോകത്തെ ജീവിക്കുന്ന ഇതിഹാസം', എന്നിവയടക്കം അനവധി ബഹുമതികൾക്കും പുരസ്കാരങ്ങൾക്കും അർഹനായിട്ടുണ്ട്. ഭരണഘടന, നിയമം, മനുഷ്യാവകാശം, ജനാധിപത്യം, യാത്രാവിവരണം, മരണാനന്തര ജീവിതം തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങളിൽ നിരവധി പുസ്തകങ്ങളും ലേഖനങ്ങളും, 'wandering in Many World' എന്ന ആത്മകഥയും പ്രകാശിതമായിട്ടുണ്ട്.

ഭരണഘടനയുടെ പാവനത കാത്തുസൂക്ഷിച്ചുകൊണ്ട്, നീതി നിഷേധിക്കപ്പെട്ടവരുടെയും ദരിദ്രരുടെയും അഭയസ്ഥാനമായി കോടതികളെ മാറ്റുന്നതിനുള്ള പ്രവർത്തനത്തിന് ഇൻഡ്യൻ നീതിന്യായവ്യവസ്ഥയ്ക്ക് പുതിയ

ദിശാബോധം നൽകിയതിലൂടെ ലോകചരിത്രത്തിലെ മഹാൻമാരായ ന്യായാധിപരുടെ നിരയിൽ ഇടം പിടിച്ച നിയമജ്ഞനെയും മാനവികതയുടെ കാവലാളായ സാമൂഹ്യപരിഷ്കർത്താവിനെയും ഉജ്ജ്വല വാഗ്മിയേയും കഴിവുറ്റ ഭരണാധികാരിയേയുമാണ് വി. ആർ കൃഷ്ണയ്യരുടെ നിര്യാണത്തോടെ നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)